പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *300

20.06.2018 ൽ മറുപടിക്ക്

## കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സണ്ണി ജോസഫ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ടോ; ഇനി എന്തൊക്കെ പ്രവർത്തനങ്ങളാണ് പൂർത്തീകരിക്കുവാനുള്ളത്; | (എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവെ, ഏപ്രൺ (വിമാന പാർക്കിംഗ് ഏരിയ), RE Wall ഉം അനുബന്ധ പ്രവൃത്തിയായ ചുറ്റമതിൽ, സ്റ്റാറ്റിക് വാട്ടർ ടാങ്ക്, ലോക്കലൈസർ ഹട്ട്, ലോക്കലൈസർ ആന്റിന, പെരിമീറ്റർ ലൈറ്റിംഗ്, ഇലക്ട്രിക്കൽ വർക്സ്, പാരലൽ ടാക്സിവേ ട്രാക്ക്, പാസഞ്ചർ ടെർമിനൽ ബിൽഡിംഗ്, എയർ ട്രാഫിക് കൺട്രോൾ ടവർ, അകത്തും പുറത്തുമുള്ള ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ സ്ഥാപിക്കൽ, എയർ കണ്ടീഷൻ പ്രവൃത്തി, പ്ലംബിംഗ്, ഫയർ അലാം, അഗ്നിരക്ഷാ ഉപകരണങ്ങൾ, സി.സി. ടി.വി സ്ഥാപിക്കൽ, പബ്ലിക് അഡ്രസ് സിസ്റ്റം, മറ്റ് അനുബന്ധപ്രവർത്തികൾ മുതലായവ പൂർത്തിയായി. എയർപോർട്ട് അതോറിറ്റി ഇൻസ്ട്രുമെന്റ് ലാന്റിംഗ് സിസ്റ്റം സ്ഥാപിച്ചുകഴിഞ്ഞു. ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷന്റെ പ്രീ ലൈസൻസിംഗ് ഓഡിറ്റ് പൂർത്തിയായിട്ടുണ്ട്.<br>കാർഗോ കോംപ്ലക്സ്, സി.ഐ.എസ്.എഫ് ബാരക്, അഡ്മിനിസ്ട്രേഷൻ ബ്ലോക്ക് എന്നിവയുടെ നിർമ്മാണം, ടെർമിനൽ ബിൽഡിംഗിന് പുറത്തും അകത്തും ടോയ് ലറ്റ്കളുടെയും ഹൗസ് കീപ്പിംഗ്, അഡ്വർടൈസിംഗ് കൺസഷൻ, ഓപ്പറേഷണൽ റെഡിനെസ് ആക്ടിവേഷൻ & ട്രാൻസിഷൻ, ഐ.എസ്.ഒ, ഡ്യൂട്ടി ഫ്രീ, റീട്ടെയിൽ ഔട്ട് ലെറ്റ്, ഫ്ളൈറ്റ് കിച്ചൺ, മെഡിക്കൽ എമർജൻസി സർവ്വീസസ്, ബാഗേജ് റാപ്പിംഗ്, പെയ്ഡ് പോർട്ടർ, മീറ്റ് & ഗ്രീറ്റ് സർവ്വീസ്, ബാഗേജ് ട്രോളി റിട്രീവൽ, വയർലെസ് ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സർവ്വീസസ് (വൈഫൈ) എന്നീ പ്രവൃത്തികളുടെ ടെണ്ടർ നടപടി പുരോഗതിയിലാണ്. വിമാനത്താവളത്തിനുള്ളിലുള്ള അടിസ്ഥാന സൗകര്യങ്ങൾ, റൺവെ നിർമ്മാണത്തിനും ടെർമിനൽ ബിൽഡിംഗ് നിർമ്മാണത്തിനുമുള്ള പ്രവൃത്തികൾ എന്നിവ ടെണ്ടർ ചെയ്തിട്ടുണ്ട്. വാണിജ്യ സ്ഥാപനങ്ങൾ അനുവദിക്കൽ, ഹോട്ടൽ, കാറ്ററിംഗ് സർവ്വീസ്, |

ബസ്/കാർ/ടാക്സി പാർക്കിംഗ് മാനേജ് ചെയ്യാനുള്ള സംവിധാനം, വൈഫൈ സംവിധാനം, ബാഗേജ് ട്രോളി സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും നടന്നുവരുന്നു.

ഇതുകൂടാതെ മറ്റു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ടെണ്ടർ നടപടിയിലൂടെ ഏജൻസിയെ കണ്ടെത്തിയ പ്രവൃത്തികൾ;

1. ഓഫീസ് ഫർണിച്ചർ
2. പാസഞ്ചർ ബാഗേജ് ട്രോളി
3. ഫോറിൻ എക്സ്ചേഞ്ച് കൗണ്ടർ
4. സോഷ്യൽ മീഡിയ, പബ്ലിക് റിലേഷൻസ്, മാർക്കറ്റിംഗ്
5. ഫുഡ് & ബീവറേജ്
6. എ.ടി.എം
7. വെബ്സൈറ്റ് & മൊബൈൽ അപ്ലിക്കേഷൻ
8. ലൈൻ മെയിന്റനൻസ്

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം 2018 ൽ തന്നെ കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) മുൻ സർക്കാരിന്റെ കാലത്ത് പ്രസ്തുത വിമാനത്താവളത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവർത്തനങ്ങളാണ് പൂർത്തിയാക്കിയത്; നിർമ്മാണ പ്രവർത്തനങ്ങളുടെ എത്ര ശതമാനം പ്രസ്തുത കാലയളവിൽ പൂർത്തിയാക്കി എന്നറിയിക്കാമോ?

(ബി) മുൻ സർക്കാരിന്റെ കാലത്ത് കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

1. വിമാനത്താവളത്തിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് സിയാലിനെ ചുമതലപ്പെടുത്തി.
2. മൂന്നാം ഘട്ട സ്ഥലമെടുപ്പിന്റെ ഭാഗമായി 785 ഏക്കർ ഭൂമി ഏറ്റെടുക്കുവാൻ 310 കോടി രൂപയുടെ ബാങ്ക് ഗ്യാരണ്ടിയിൽ ലോൺ ലഭ്യമാവുകയും സ്ഥലമെടുപ്പ് ആരംഭിക്കുകയും ചെയ്തു.
3. എൽ&ടി കമ്പനിയെ കണ്ണൂർ എയർപോർട്ടിന്റെ റൺവെയുടെയും അനുബന്ധ പ്രവൃത്തികളുടെയും പ്രവർത്തി ഏൽപ്പിച്ചു.
4. റൺവെ വികസനത്തിന് അടിയന്തിരമായി വേണ്ട 11.44 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് ഉത്തരവാകുകയും 10.52 ഏക്കർ ഭൂമി ഏറ്റെടുക്കുകയും ചെയ്തു.
5. 19.09.2014 സർക്കാർ ഉത്തരവ് പ്രകാരം റോഡ് നിർമ്മാണത്തിന് 40 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകി.
6. മൂന്നാം ഘട്ടത്തിൽ ഡിനോവയായ 131 ഏക്കർ ഭൂമി ഏറ്റെടുക്കാനുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും നടപടി ആരംഭിക്കുകയും ചെയ്തു.
7. 2015 ൽ ബി.പി.സിഎല്ലിന് 170 കോടി രൂപക്കുള്ള ഓഹരി കൈമാറി.

8. 2015 ൽ എ.ടി.എഫ് എയർക്രാഫ്റ്റ് ഫ്യൂവൽ ഫാം നടത്തുന്നതിനുള്ള ബി.പി.സി.എൽ കിയാൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന ജോയിന്റ് വെഞ്ച്വർ കമ്പനി രൂപീകരിച്ചു.

9. 21.05.2015 ൽ 892 കോടി രൂപയുടെ ബാങ്ക് ലോൺ ലഭ്യമാക്കുന്നതിന് കനറാ ബാങ്ക്, ഫെഡറൽ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക് എന്നീ ബാങ്കുകളുമായി ധാരണാ പത്രം ഒപ്പ വച്ചു.

10. എയർപോർട്ട് ഭൂമിക്ക് അടുത്തുള്ള ഡ്രൈനേജ് പ്രവൃത്തികൾ നടത്തുന്നതിന് 13.05.2015 ൽ മൈനർ ഇറിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തി.

മുൻ സർക്കാരിന്റെ കാലത്ത് പൂർത്തിയായ പ്രവൃത്തികളുടെ ശതമാനം താഴെ പറയും പ്രകാരമാണ്.

1. റൺവെയും അനുബന്ധ പ്രവൃത്തികളും - 70%

2. ടെർമിനൽ ബിൽഡിംഗ് - 60%

പൂർണ്ണമായി പ്രവൃത്തികൾ പൂർത്തിയാക്കാതെയാണ് 2016 ഫെബ്രുവരി 29 ന് പരീക്ഷണ പറക്കൽ (ഉദ്ഘാടനം) അന്നത്തെ മുഖ്യമന്ത്രി നിർവ്വഹിച്ചത്.

[signature]

സെക്ഷൻ ഓഫീസർ